"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-സ്റ്റേറ്റ് മിഷൻ ഓഫീസിൽ നിലവിലുള്ള ടെക്നിക്കൽ എക്സ്പേർട്ട്(അഗ്രികൾച്ചർ) തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന സോയിൽ കൺസർവേഷൻ വകുപ്പിലെ ഉദ്യോഗസ്ഥനായ ശ്രീ.പ്രശാന്ത് എം.ജെ-യുടെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.100/2022/ത.സ്വ.ഭ.വ  തീയതി,തിരുവനന്തപുരം, 13/01/2022

---

പരാമർശം:-

1. സർക്കുലർ നം.42/2013/ധന തീയതി 10.05.2013
2. സ.ഉ.(പി)നം.580/2013/ധന തീയതി 28.11.2013
3. സ.ഉ.(കൈ)നം.107/2019/ത.സ്വ.ഭ.വ തീയതി 22.08.2019
4. സ.ഉ.(സാധാ)നം.20/2021/ത.സ്വ.ഭ.വ തീയതി 04.01.2021
5. ദേശീയ തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ 20.12.2021-ലെ NREGA/181/2021/E3 നമ്പർ കത്ത്

**ഉത്തരവ്**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷനിൽ ടെക്നിക്കൽ എക്സ്പേർട്ട്(അഗ്രികൾച്ചർ) എന്ന തസ്തിക പുതുതായി സൃഷ്ടിച്ചും ടി തസ്തികയിൽ 42500-87000 ശമ്പള സ്കെയിലുള്ള ഉദ്യോഗസ്ഥനെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്താൻ അനുമതി നൽകിയും പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് സോയിൽ കൺസർവേഷൻ വകുപ്പിൽ സോയിൽ കൺസർവേഷൻ ഓഫീസർ (എച്ച്.ക്യു II), ആയ ശ്രീ.പ്രശാന്ത് എം.ജെ.യെ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ ഒരു വർഷത്തേയ്ക്ക് ടി തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് പരാമർശം (4) പ്രകരം ഉത്തരവാകുകയുണ്ടായി. ടിയാന്റെ സേവന കാലാവധി 16.02.2022-ൽ പൂർത്തിയാകുന്ന സാഹചര്യത്തിൽ കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് ശ്രീ.പ്രശാന്ത് എം.ജെ. സോയിൽ കൺസർവേഷൻ ഡയറക്ടറുടെ നിരാക്ഷേപ സാക്ഷ്യപത്രം സഹിതം അപേക്ഷ സമർപ്പിച്ചതായും ആയതിനാൽ ടിയാന്റെ സേവനം ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കാവുന്നതാണെന്നും പരാമർശം (5) പ്രകാരം തൊഴിലുറപ്പ് മിഷൻ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ ഓഫീസിൽ ടെക്നിക്കൽ എക്സ്പേർട്ട്(അഗ്രികൾച്ചർ) തസ്തികയിൽ നിലവിൽ സേവനമനുഷ്ഠിച്ചു വരുന്ന സോയിൽ കൺസർവേഷൻ വകുപ്പിലെ സോയിൽ കൺസർവേഷൻ ഓഫീസർ (എച്ച്.ക്യു II), ആയ ശ്രീ.പ്രശാന്ത്

എം.ജെ.യുടെ അന്യത്ര സേവന കാലാവധി പരാമർശം (2) സർക്കാർ ഉത്തരവിന് അനുസൃതമായും, കെ.എസ്.ആർ-ലെ ചട്ടം 140(സി)-യിലെ വ്യവസ്ഥയ്ക്കും പരാമർശം (1) സർക്കുലറിലെ മാനദണ്ഡങ്ങൾക്കും വിധേയമായും 17.02.2022 മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഡയറക്ടർ, സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ

ശ്രീ.പ്രശാന്ത് എം.ജെ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷൻ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം

കൃഷിവകുപ്പ്

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Nisam N
Date: 13-01-2022 15:22:47
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.കൃഷിവകുപ്പ്മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്